# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2091 — 17.06.2014 ൽ മറുപടിയ്ക്ക്

## സഹകരണ നിയമ ഭേദഗതി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ കൊണ്ടുവന്ന 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട് സഹകരണ നിയമം ഭേദഗതി ചെയ്തതിനനുസൃതമായി ചട്ടം ഭേദഗതി ചെയ്യാൻ ആലോചിക്കുന്നുണ്ടോ; | (എ) 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിനനുസൃതമായി സഹകരണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ചട്ടം ഭേദഗതിയുടെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ; | (ബി) പ്രസ്തുത ചട്ടം ഭേദഗതിയുടെ കരട് വിജ്ഞാപനം 14.02.2014 ലെ 365/2013/സഹ നമ്പർ പ്രകാരം, 25.02.2014 ലെ അസാധാരണ ഗസറ്റ് നമ്പർ 728 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | കരട് വിജ്ഞാപന പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമയം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ദിവസമാണ് അനുവദിച്ചിട്ടുള്ളത്; | (സി) കരട് വിജ്ഞാപന പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 30 ദിവസമാണ് അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും, അവിടങ്ങളിലെ യും ജീവനക്കാർക്കും ദോഷകരമായ ഒട്ടേറെ കാര്യങ്ങൾ കരട് യും വിജ്ഞാപനത്തിലുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി)<br>(ഇ) | കരട് ചട്ടങ്ങളിന്മേലുള്ള നിർദ്ദേശങ്ങൾ വിവിധ സംഘടനകളും വ്യക്തികളും സമർപ്പിച്ചിട്ടുണ്ട്. അവ പരിശോധിച്ച് വരികയാണ്. ഏതെങ്കിലും വ്യവസ്ഥകൾ ദോഷകരമാണെന്ന് കാണുന്നപക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | എങ്കിൽ ദോഷകരമായ കാര്യങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ